കുറിപ്പുകൾ ● സ്റ്റാഫ് ലേഖകൻ



# രാഷ്ട്രീയത്തിലെ സ്ഫോടനങ്ങളും സ്ഫോടനങ്ങളുടെ രാഷ്ട്രീയവും

**കഴിഞ്ഞ** ജൂലൈ 21,22 തീയതികളിൽ ദേശീയ രാഷ്ട്രീയം സ്ഫോടനാത്മകമായ രംഗങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ഇന്ത്യ അമേരിക്കയുമായി ആണവകരാറിൽ ഒപ്പുവെക്കുന്നതിനെച്ചൊല്ലി ഇടതുപക്ഷ പാർട്ടികൾ യു.പി.എക്കുള്ള പിന്തുണ പിൻവലിച്ചതിനെത്തുടർന്ന് കേന്ദ്ര സർക്കാറിന്റെ വിശ്വാസ പ്രമേയാവതരണവും ചർച്ചയും വിശ്വാസവോട്ടെടുപ്പും നടന്നത് ഈ ദിവസങ്ങളിലാണ്. സ്വതന്ത്ര ഇന്ത്യ മുമ്പെങ്ങും കണ്ടിട്ടില്ലാത്ത നെറികെട്ട കച്ചവടതന്ത്രങ്ങളിലൂടെ 'ജനാഭിപ്രായത്തെ' വിലയ്ക്കെടുത്ത കേന്ദ്ര സർക്കാർ, അമേരിക്കൻ ദാസ്യവേലക്കുള്ള ചാരിത്ര്യശുദ്ധി തെളിയിച്ചത് ജൂലൈ 22നായിരുന്നു. അതോടെ തീരേണ്ടതായിരുന്നു പ്രശ്നങ്ങൾ. എന്നാൽ പിടിച്ചതിനേക്കാൾ വലുതാണ് മാളത്തിനുള്ളിലുള്ളത് എന്ന് പറഞ്ഞതുപോലെയായി കാര്യങ്ങൾ. കോൺഗ്രസ്സിനെയും ഇടതുപക്ഷത്തെയും ബി.ജെ.പിയെയും എല്ലാം ബാധിക്കുന്ന ഒരു രാഷ്ട്രീയ സൂനാമിയാണ് പിന്നെ കണ്ടത്.

മൻമോഹൻ സർക്കാർ വിശ്വാസവോട്ട് നേടിയെങ്കിലും, ധാർമികത നഷ്ടപ്പെടുത്തിക്കൊണ്ടാണ് അത് സാധിച്ചത്. കോഴയും കുതിരക്കച്ചവടവും നേരത്തെയുള്ള പണപ്പെരുപ്പം, വിലക്കയറ്റം എന്നീ പ്രശ്നങ്ങളോടൊപ്പം മാധ്യമങ്ങളിൽ നിറയുന്നത് കോൺഗ്രസ്സിനെ കുറച്ചൊന്നുമല്ല ഭയപ്പെടുത്തിയത്. അടുത്തുവരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ പാർട്ടിയെ ദോഷകരമായി ബാധിക്കാൻ പോവുന്ന ഇത്തരം ചർച്ചകൾ മാധ്യമ ശ്രദ്ധയിൽനിന്ന് അകന്നുനിൽക്കേണ്ടത് കോൺഗ്രസ്സിന്റെ ആവശ്യമായിരുന്നു.

മറുപക്ഷത്ത് ബി.ജെ.പിയും പ്രതിസന്ധിയിലായിരുന്നു. സ്വന്തം പാർട്ടിയിലെ എട്ടു പേരുൾപ്പെടെ എൻ.ഡി.എ മുന്നണിയിലെ 19

'ഇന്ത്യൻ മുജാഹിദീന്റെ പൈശാചിക ഇമെയിൽ' എന്ന തലക്കെട്ടിൽ വാർത്ത കൊടുത്ത *ദ ന്യൂ ഇന്ത്യൻ എക്സ്പ്രസ്* 'ജിഹാദിന്റെ വ്യാപനം, ഗുജറാത്തിന്റെ പ്രതികാരം' എന്ന ലഘുലേഖയുടെ മുഖപേജ് കൊടുത്തിട്ടുണ്ട്. സ്ഫോടനത്തിന്റെ കൃത്യതയെക്കുറിച്ച് പറഞ്ഞുകൊണ്ട്, ലഘുലേഖയുടെ ഉള്ളടക്കത്തിലൂടെ കത്തിക്കയറുന്ന റിപ്പോർട്ട്, പക്ഷേ സംഘടനയുടെ മേൽവിലാസം അന്വേഷിക്കുന്നില്ല. സാമാന്യം കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഏത് കുടില ബുദ്ധിക്കും ചെയ്യാവുന്നതേയുള്ളൂ ഇത്തരം കാര്യങ്ങൾ. എന്നിട്ടും നമ്മുടെ മാധ്യമങ്ങൾക്ക് അതൊന്നും വിഷയമാകുന്നില്ല. ഇസ്ലാമിന്റെയും മുസ്ലിംകളുടെയും പേരിൽ ആർക്കും എന്തുമാവാം എന്ന അമേരിക്കൻ നിയന്ത്രിത ഏകധ്രുവ ലോക മാനസികാവസ്ഥ നമ്മുടെ മാധ്യമ വിശാരദന്മാരെയും ബാധിച്ചു എന്നർഥം.

സ്ഫോടനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് ഇന്ത്യൻ മുജാഹിദീന്റെ പേരിൽ എത്തിയ ഇമെയിൽ അയച്ച കമ്പ്യൂട്ടർ കണ്ടുപിടിച്ചിട്ടുണ്ട്. ന്യൂ മുംബൈ പാം ബീച്ച് റോഡിലെ ഗുഗുനി അപ്പാർട്ട് മെന്റിൽ താമസിക്കുന്ന അമേരിക്കൻ ദമ്പതികളായ കെയ്ത്ത് ഹേവുഡ്, കെൻസ് വൈക് എന്നിവരുടെ കമ്പ്യൂട്ടറിൽനിന്നാണ് ഇമെയിൽ അയച്ചിട്ടുള്ളത്. ഇവരുടെ കമ്പ്യൂട്ടർ ഹാക്ക് ചെയ്ത ശേഷം മറ്റാരോ അയച്ച ഇമെയിലാണിതെന്നാണ് അന്വേഷണ ഏജൻസികൾ സംശയിക്കുന്നത്. ചികിത്സക്കോ മറ്റോ മുംബൈയിൽ വന്ന ഏതെങ്കിലും അറബിയുടെയോ മുസ്‌ലിം സമുദായക്കാരന്റെയോ കമ്പ്യൂട്ടർ ഹാക്ക് ചെയ്യപ്പെടാത്തത് ദൈവാധീനം എന്നേ പറയേണ്ടൂ. മുംബൈയിലൂടെ പാകിസ്താൻ വഴി നീണ്ട് തോറാ ബോറാ മലനിരകളിലെ ഭൂഗർഭ ഗുഹകളിലൂടെ സഞ്ചരിച്ച് പശ്ചിമേഷ്യയിലെത്തി നിൽക്കുന്ന അൽഖാഇദയും ബിൻലാദിനും ഒക്കെ കഥാപാത്രങ്ങളാവുന്ന ഒരു ഉശിരൻ തിരക്കഥയുടെ ത്രില്ലാണ് അതുവഴി നമ്മുടെ മാധ്യമങ്ങൾക്ക് നഷ്ടപ്പെട്ടത്.

പേരാണ് വിശ്വാസ വോട്ടെടുപ്പിൽ മറുകണ്ടം ചാടിയത്. ബി.ജെ.പിയുടെ എല്ലാ ധാർമിക നാട്യങ്ങളെയും അപ്രസക്തമാക്കുന്ന ഈ പ്രശ്നത്തിൽനിന്ന് മാധ്യമശ്രദ്ധ തിരിയേണ്ടത് അവർക്കും അടിയന്തരാവശ്യമായിരുന്നു.

ഇന്ത്യ-അമേരിക്ക ആണവകരാർ പ്രശ്നത്തിൽ സി.പി.എം കൈക്കൊണ്ട നിലപാട് പാർട്ടിക്ക് രക്തസാക്ഷി പരിവേഷം നേടിക്കൊടുത്തെങ്കിലും അവർക്കുമുണ്ട് പ്രതിസന്ധി. മുഖ്യമായും രണ്ട് കാര്യങ്ങളാണ് അവർക്ക് പ്രശ്നമായത്. ഒന്ന്, 2005 ജലൈയിൽ ആരംഭം കുറിച്ച ഇന്ത്യ-അമേരിക്ക ആണവകരാർ നടപടികളിൽ ശക്തമായ നിലപാടെടുക്കാൻ എന്തുകൊണ്ട് ഇത്ര വൈകി? രണ്ട്, സോമനാഥ് ചാറ്റർജി എന്ന പ്രതിബദ്ധതയുള്ള ഇടതുപക്ഷക്കാരൻ അതിനിർണായകമായ ഒരു ഘട്ടത്തിൽ വലതുപക്ഷത്തോടൊപ്പം ചേർന്നത്. മാധ്യമങ്ങളുടെ കണ്ണേറിൽ നിന്ന് രക്ഷപ്പെടാൻ സി.പി.എമ്മും ആഗ്രഹിക്കുക സ്വാഭാവികം.

അങ്ങനെയിരിക്കെയാണ് ജൂലൈ 25 വെള്ളിയാഴ്ച ബാംഗ്ലൂരിലും 26 ശനിയാഴ്ച അഹ്മദാബാദിലും ബോംബ് സ്ഫോടന പരമ്പരകൾ അരങ്ങേറുന്നത്. രണ്ടു സംഭവങ്ങളിലുമായി ഏതാണ്ട് അമ്പതോളം പേർ കൊല്ലപ്പെടുകയും നൂറ്റിയമ്പതു പേർക്ക് പരിക്കേൽക്കുകയും ചെയ്തു. കേരളം, തമിഴ്നാട് ഉൾപ്പെടെ ഇന്ത്യയിലെ പല സംസ്ഥാനങ്ങളെയും ഭീതിയുടെ മുൾമുനയിൽ നിർത്തി വ്യാജബോംബ് ഭീഷണികളുടെ മഹാ പ്രളയങ്ങൾ തന്നെ പിന്നീട് ഉണ്ടായി. എല്ലാ രാഷ്ട്രീയ പാർട്ടികളും ആഗ്രഹിച്ചപോലെ, മാധ്യമങ്ങളിലെ തലക്കെട്ടുകൾ മാറുകയും സ്ഫോടനങ്ങൾ സ്ഥലം പിടിക്കുകയും ചെയ്തു. സ്ഫോടനങ്ങളുടെ സ്ഥിരം പേറ്റന്റ് നൽകപ്പെടാറുള്ള സിമി (സ്റ്റുഡന്റ്സ് ഇസ്‌ലാമിക് മൂവ്മെന്റ് ഓഫ് ഇന്ത്യ), ബംഗ്ലാദേശ് ആസ്ഥാനമായി പ്രവർത്തിക്കുന്നു എന്നു പറയപ്പെടുന്ന ഹുജി (ഹർകതുൽ ജിഹാദെ ഇസ്‌ലാമി), പാകിസ്താൻ ആസ്ഥാനമായ എൻ.ഇ.ടി (ലഷ്കറെ ത്വയ്യിബ) എന്നീ സംഘടനകൾ വാർത്തകളിൽ നിറഞ്ഞു. ഇന്ത്യൻ മുജാഹിദീൻ എന്നൊരു സംഘടനയാണ് സ്ഫോടനത്തിന്റെ പിന്നിലെന്ന് പറയപ്പെടുന്നു. ശനിയാഴ്ചയിലെ സ്ഫോടനങ്ങൾക്ക് പത്തു മിനിറ്റ് മുമ്പ് ഇന്ത്യൻ മുജാഹിദീൻ എന്ന് പേരു വെച്ച് ന്യൂസ് ചാനലുകൾക്ക് അയച്ചു കിട്ടിയ ലഘുലേഖയാണ് ഇവരുടെ പങ്കിനെക്കുറിച്ച ഏക തെളിവ്. അന്വേഷണ ഏജൻസികൾക്കോ മാധ്യമങ്ങൾക്കോ ഇങ്ങനെയൊരു സംഘടനയെക്കുറിച്ച് കൂടതലൊന്നും അറിയില്ല. എങ്കിലും ഒരു ആധികാരിക വിവരമെന്ന നിലക്കാണ് പ്രസ്തുത വാർത്ത പ്രചരിപ്പിച്ചത്.

'ഇന്ത്യൻ മുജാഹിദീന്റെ പൈശാചിക ഇമെയിൽ' എന്ന തലക്കെട്ടിൽ വാർത്ത കൊടുത്ത *ദ ന്യൂ ഇന്ത്യൻ എക്സ്പ്രസ്* 'ജിഹാദിന്റെ വ്യാപനം, ഗുജറാത്തിന്റെ പ്രതികാരം' എന്ന ലഘുലേഖയുടെ മുഖപ്പേജ് കൊടുത്തിട്ടുണ്ട്. സ്ഫോടനത്തിന്റെ കൃത്യതയെക്കുറിച്ച് പറഞ്ഞുകൊണ്ട്, ലഘുലേഖയുടെ ഉള്ളടക്കത്തിലൂടെ കത്തിക്കയറുന്ന റിപ്പോർട്ട്, പക്ഷേ സംഘടനയുടെ മേൽവിലാസം അന്വേഷിക്കുന്നില്ല. സാമാന്യം കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഏത് കുടില ബുദ്ധിക്കും ചെയ്യാവുന്നതേയുള്ളൂ ഇത്തരം കാര്യങ്ങൾ. എന്നിട്ടും നമ്മുടെ മാധ്യമങ്ങൾക്ക് അതൊന്നും വിഷയമാകുന്നില്ല. ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും പേരിൽ ആർക്കും എന്തുമാവാം എന്ന അമേരിക്കൻ നിയന്ത്രിത ഏകധ്രുവ ലോക മാനസികാവസ്ഥ നമ്മുടെ മാധ്യമ വിശാരദന്മാരെയും ബാധിച്ചു എന്നർഥം.

അഹ്മദാബാദ് സ്ഫോടനങ്ങളെത്തുടർന്ന്, ദാനിലിംദ മേഖലയിലെ വസതിയിൽ നിന്നും മുഫ്തി അബ്ദുൽ ഹലീമിനെ പോലീസ് കസ്റ്റഡിയിലെടുത്തു. കിഴക്കൻ ഉത്തർപ്രദേശിലെ ഗോണ്ട ജില്ലയിൽനിന്നും വന്ന് 25 വർഷമായി ഗുജറാത്തിൽ താമസിക്കുകയാണ് ഇദ്ദേഹം. അഹ്‌ലെ ഹദീസുമായി ബന്ധമുള്ള ഇദ്ദേഹം സിറ്റിയിലെ പള്ളിയിൽ നമസ്കാരത്തിന് നേതൃത്വം നൽകുകയും ജുമുഅ ഖുത്ബ നിർവഹിച്ച് വരികയുമാണ്. സിമിയുമായി ബന്ധമുണ്ടെന്നാരോപിച്ചാണ് കസ്റ്റഡിയിലെടുത്തത്. എന്നാൽ ഇദ്ദേഹത്തിന് സിമിയുമായി യാതൊരു ബന്ധവുമില്ലെന്ന് മുൻ സിമി പ്രവർത്തകർ തന്നെ വ്യക്തമാക്കിയ കാര്യം ഭാര്യ നൂർ സദ ചൂണ്ടിക്കാണിക്കുന്നു. സ്ഫോടനത്തിന്റെ യഥാർഥ പ്രതികളെ കണ്ടെത്താൻ സാധിക്കാത്ത പോലീസ് മുഫ്തിയെ ബലിയാടാക്കുകയാണെന്ന് അദ്ദേഹത്തിന്റെ ബന്ധുക്കൾ കുറ്റപ്പെടുത്തി.

ഇതിനിടെ സ്ഫോടനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് ഇന്ത്യൻ മുജാഹിദീന്റെ പേരിൽ എത്തിയ ഇമെയിൽ അയച്ച കമ്പ്യൂട്ടർ കണ്ടുപിടിച്ചിട്ടുണ്ട്. ന്യൂ മുംബൈ പാം ബീച്ച് റോഡിലെ ഗുഗുനി അപ്പാർട്ട് മെന്റിൽ താമസിക്കുന്ന അമേരിക്കൻ ദമ്പതികളായ കെയ്ത്ത് ഹേവുഡ്, കെൻസ് വൈക് എന്നിവരുടെ കമ്പ്യൂട്ടറിൽനിന്നാണ് ഇമെയിൽ അയച്ചിട്ടുള്ളത്. ഇവരുടെ കമ്പ്യൂട്ടർ ഹാക്ക് ചെയ്ത ശേഷം മറ്റാരോ അയച്ച ഇമെയിലാണിതെന്നാണ് അന്വേഷണ ഏജൻസികൾ സംശയിക്കുന്നത്. ചികിത്സക്കോ മറ്റോ മുംബൈയിൽ വന്ന ഏതെങ്കിലും അറബിയുടെയോ മുസ്‌ലിം സമുദായക്കാരന്റെയോ കമ്പ്യൂട്ടർ ഹാക്ക് ചെയ്യപ്പെടാത്തത് ദൈവാധീനം എന്നേ പറയേണ്ടൂ. മുംബൈയിലൂടെ പാകിസ്താൻ വഴി നീണ്ട് തോറാ ബോറാ മലനിരകളിലെ ഭൂഗർഭ ഗുഹകളിലൂടെ സഞ്ചരിച്ച് പശ്ചിമേഷ്യയിലെത്തി നിൽക്കുന്ന അൽഖാഇദയും ബിൻലാദിനും ഒക്കെ കഥാപാത്രങ്ങളാവുന്ന ഒരു ഉശിരൻ തിരക്കഥയുടെ ത്രില്ലാണ് അതു

വഴി നമ്മുടെ മാധ്യമങ്ങൾക്ക് നഷ്ടപ്പെട്ടത്.

രണ്ട് കാര്യങ്ങൾ ഇപ്പോഴത്തെ സ്ഫോടനങ്ങളുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യണം. ഒന്ന്, ഇത് വെറും ഒരു തീവ്രവാദി ആക്രമണമാണോ? ആണവ വിഷയത്തിൽ ജനശ്രദ്ധ തിരിച്ചുവിടാനും സമൂഹത്തിൽ വർഗീയ ധ്രുവീകരണം വളർത്തി സാമ്രാജ്യത്വ അജണ്ടകൾ സുഗമമായി നടപ്പാക്കാനും സാമ്രാജ്യത്വ അധികാരി വർഗ താൽപര്യങ്ങൾ ഇതിനു പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടോ?

രണ്ട്, ഇത്തരം സംഭവങ്ങളെ ഒരു ക്രമസമാധാന പ്രശ്നമായി കാണുന്നതിനു പകരം, സംശയിക്കപ്പെടുന്നവരുടെ ജാതിയും മതവും അന്വേഷിക്കുന്ന ഒരു അപരിഷ്കൃത മനസ്സ് നാം കാത്തുസൂക്ഷിക്കുന്നുണ്ടോ? ഒരു സമൂഹത്തെ അപരരായി ചിത്രീകരിച്ചുകൊണ്ട് മാധ്യമങ്ങൾ സൃഷ്ടിച്ചെടുക്കുന്ന പൊതുബോധവും വർഗീയ മനസ്സ് പുലർത്തുന്ന ബ്യൂറോക്രസിയും രാഷ്ട്രീയ പാർട്ടികൾ തുടരുന്ന അവസരവാദ രാഷ്ട്രീയവും മുസ്‌ലിം സാമൂഹിക ജീവിതത്തെ വല്ലാതെ കലുഷമാക്കുന്നുണ്ട്. ഏതോ കാലത്ത് സിമിയിൽ പ്രവർത്തിച്ചുപോയവരും, സിമിയുടെ ലഘുലേഖ വായിച്ചവരും ആജീവനാന്തം സംശയിക്കപ്പെടുന്ന അവസ്ഥ രാജ്യത്ത് നിലനിൽക്കുന്നു എന്നത് എത്രമാത്രം ഭീഷണമാണ്!

ഇവിടെയാണ് ആൾ ഇന്ത്യാ മില്ലി കൗൺസിലിന്റെ അഭിപ്രായം പ്രസക്തമാവുന്നത്. ബാംഗ്ലൂരിലും അഹ്മദാബാദിലും നടന്ന സ്ഫോടന പരമ്പരകൾക്ക് പിന്നിൽ പ്രവർത്തിച്ചവരെക്കുറിച്ച് മുൻകൂട്ടി നിഗമനങ്ങളിലെത്തുന്നതിനപ്പുറം വിശദമായ അന്വേഷണം നടത്താൻ സർക്കാർ തയാറാകണം. കഴിഞ്ഞ പത്തു വർഷങ്ങളിൽ നടന്ന വിവിധ സ്ഫോടന സംഭവങ്ങൾ അന്വേഷിക്കുന്നതിന് ജുഡീഷ്യൽ കമീഷൻ രൂപവത്കരിക്കണം. എപ്പോൾ സ്ഫോടനങ്ങൾ ഉണ്ടായാലും സിമി, ലഷ്കർ എന്നിങ്ങനെയുള്ള പേരുകൾ മുൻകൂട്ടി പ്രഖ്യാപിക്കുന്ന പോലീസ് രീതിക്കപ്പുറം ആഴത്തിലുള്ള അന്വേഷണം നടക്കണം. അന്വേഷിക്കും മുമ്പ് കുറ്റക്കാരെ കണ്ടെത്തുന്നത് അന്വേഷണത്തെ വഴിതിരിച്ചുവിടും. എല്ലാ സ്ഫോടനങ്ങൾക്കു പിന്നിലും മുസ്‌ലിം ഗ്രൂപ്പുകളാണെന്ന ധാരണ തെറ്റാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. വിദേശ രഹസ്യാന്വേഷണ ഏജൻസികളുടെ പങ്കും തള്ളിക്കളയാൻ കഴിയില്ല. ആക്രമണത്തിലൂടെ നേട്ടം ആർക്കാണ് എന്ന് വിശദമായി പരിശോധിക്കപ്പെടണം... ആൾ ഇന്ത്യാ മില്ലി കൗൺസിൽ ജനറൽ സെക്രട്ടറി ഡോ. മൻസൂർ ആലം പ്രധാനമന്ത്രിക്കും യു.പി.എ അധ്യക്ഷ സോണിയാ ഗാന്ധിക്കും അയച്ച കത്തിൽ പറയുന്നു.

ഏതാനും ദിവസങ്ങളായി കേരളത്തിലും വ്യാജ ബോംബ് ഭീഷണികളുടെ വേലിയേറ്റമാണ്. സാമൂഹികബോധമില്ലാത്ത ചില കുടില ബുദ്ധികൾ സമൂഹത്തിന്റെ സ്വൈരജീവിതവും സൗഹാർദവും കെടുത്താൻ എത്ര കുത്സിതമായാണ് പ്രവർത്തിക്കുന്നത് എന്ന് കോഴിക്കോട്ടെ പേരാമ്പ്രയിൽനിന്നുള്ള ഒരു വാർത്ത തെളിയിക്കുന്നു. ബാംഗ്ലൂർ സ്ഫോടനമുണ്ടായ ദിവസം തിരുവനന്തപുരത്തെ *ടെലഗ്രാഫ്* പത്രത്തിന്റെ ഫോട്ടോഗ്രാഫർ ബിജുവിന്റെ ഫോണിൽ ഒരു മിസ്കോൾ വരുന്നു. തിരിച്ചു വിളിച്ചപ്പോൾ 'അസ്സലാമു അലൈക്കും' എന്ന അഭിസംബോധന. മാറാട്ടുനിന്നാണ് സംസാരിക്കുന്നത് എന്നും പറഞ്ഞു. ആഗസ്റ്റ് 15ന് മുമ്പ് കൊച്ചി നേവൽ ബേസും കലൂർ സ്റ്റേഡിയവും ബോംബിട്ടു തകർക്കും എന്ന ഭീഷണി. മാധ്യമങ്ങൾക്കും പോലീസിനും സംഭവത്തിന്റെ മുസ്‌ലിംഭാഷ്യം ചമക്കാൻ സലാം തന്നെ ധാരാളം! മുമ്പിതുപോലൊരുത്തൻ ചെയ്ത പാപത്തിന്റെ പിഴയൊടുക്കേണ്ടിവന്നത് തിരുവനന്തപുരത്തെ മുഹ്സിൻ എന്ന ചെറുപ്പക്കാരനായിരുന്നു. പേരാമ്പ്ര മുയിപ്പോത്ത് സ്വദേശിയും ആവള ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്ലസ്ടു വിദ്യാർഥിയും ബി.ജെ.പിയുടെ വിദ്യാർഥി വിഭാഗമായ എ.ബി.വി.പിയുടെ സജീവ പ്രവർത്തകനുമായ തേജസാണ് സംഭവത്തിനു പിന്നിലെന്ന് വ്യക്തമായതിനാൽ മുഹ്സിനെപ്പോലെ ബലിയാടുകൾ ഇത്തവണ ഉണ്ടായില്ല.

പ്രബുദ്ധത അവകാശപ്പെടുന്ന കേരളത്തിൽ പോലും വളർന്നുവരുന്ന ഈ ക്രൂരമായ സാഡിസ്റ്റ് മാനസികാവസ്ഥ ആശങ്കയുളവാക്കുന്നതാണ്. ഫാഷിസ്റ്റ് മനസ്സ് സൂക്ഷിക്കുന്ന ചില മുഖ്യധാരാ മാധ്യമങ്ങളും ഈ നീക്കത്തിൽ പങ്കുചേർന്നിട്ടുണ്ട്. അവരാണ് മുമ്പ് കർണാടക വനത്തിലെ ദർഗയെ ചൂണ്ടി, മുസ്‌ലിം തീവ്രവാദ പരിശീലന കേന്ദ്രമെന്ന് ആക്രോശിച്ചത്. ഏത് സാമൂഹിക ദ്രോഹിക്കും മുസ്‌ലിം സമുദായത്തിന്റെ മറപിടിച്ച് എന്തും ചെയ്യാം എന്ന അവസ്ഥ സൃഷ്ടിച്ചതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഇത്തരം മാധ്യമങ്ങൾക്ക് ഒഴിഞ്ഞുമാറാനാവില്ല.

അഹ്മദാബാദ്, ബാംഗ്ലൂർ സ്ഫോടനങ്ങളെ തുടർന്നുള്ള അവസ്ഥ നിരീക്ഷിക്കാൻ അമേരിക്കൻ സുരക്ഷാ ഉദ്യോഗസ്ഥൻ കൊച്ചി വിമാനത്താവളം വഴി രഹസ്യമായി എത്തിയതായാണ് വാർത്ത. ഇന്ത്യയിലെ സംഭവവികാസങ്ങളിൽ അമേരിക്ക എന്തിനിത്ര താൽപര്യമെടുക്കുന്നു, ബാംഗ്ലൂരും അഹ്മദാബാദും നിരീക്ഷിക്കാൻ വേണ്ടി കേരളമെന്തിന് കേന്ദ്രമാക്കുന്നു തുടങ്ങിയ കാര്യങ്ങളും അന്വേഷിക്കേണ്ടതുണ്ട്. ■